*⇨ സംസ്ഥാനത്തെ ഭൂഗർഭജലത്തിൽ ശരാശരി ഇരുപത്തിയേഴ് ശതമാനം കുറവുണ്ടായി ⇨*

# ശാസ്താംകോട്ട തടാകം: ജനപങ്കാളിത്തത്തോടെ പരിഹാരം കണ്ടെത്തണം

ജനങ്ങൾക്ക് മുൻകൈയുള്ള പങ്കാളിത്ത പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയിലൂടെ ശാസ്താംകോട്ട കായലിനെ രക്ഷപ്പെടുത്താൻ ശ്രമിക്കുകയാണ് നിലവിലെ പ്രതിസന്ധിയുടെ പരിഹാരം.

■ **എസ്. ഫെയ്സി**

**ശാസ്താംകോട്ട** തടാകം വീണ്ടും വാർത്തകളിൽ നിറയുന്നു. വറ്റുന്ന തടാകം, സമരം ചെയ്യേണ്ടിവരുന്ന ജനങ്ങൾ. ഏറെ വർഷങ്ങളായി വേനൽക്കാലത്ത് ഇത് ആവർത്തിക്കപ്പെടുന്നു. പരിഹാരചർച്ചകൾ, വാഗ്ദാനങ്ങൾ, തുടർന്ന് കാര്യങ്ങൾ നടപ്പാക്കേണ്ടുന്ന ഉദ്യോഗസ്ഥർ മറ്റു തിരക്കുകളിലേക്ക്. സ്ഥാപനപരമായ പരിമിതികൾ, വ്യത്യസ്ഥ മേഖലകളിൽ ഇടപെട്ടു പ്രവർത്തിക്കേണ്ടിടത്ത് പരിമിതമായ പ്രവർത്തന അതിരുകളുള്ള വകുപ്പുകൾക്ക് കാര്യമായൊന്നും ചെയ്യാനാകാത്ത സ്ഥിതി.

മുഖ്യമന്ത്രി തന്നെ മുൻകൈ എടുത്തു ചർച്ച നടത്തിയത് നല്ലകാര്യം. മൂന്നു വർഷം മുമ്പ് അന്നത്തെ ജലവിഭവ മന്ത്രിയുടെ നേതൃത്വത്തിൽ നാലു മന്ത്രിമാർ ചേർന്നു പരിഹാര ചർച്ചകൾ നടത്തിയതായിരുന്നു. മന്ത്രിമാർ ഉൽക്കണ്ഠകൾ പങ്കുവച്ചു. ശക്തമായ പിന്തുണയും നല്കി. മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാൻ ഒരു സർക്കാർ ഏജൻസിയെ ഏർപ്പെടുത്തി. അവരതു ഏതാണ്ട് മുഴുമിപ്പിച്ചു. എങ്കിലും കാര്യങ്ങൾ പിന്നെ അതിനപ്പുറത്തേക്കു നീങ്ങിയില്ല. ഇപ്പോൾ ജലവിഭവവകുപ്പാകട്ടെ നാഥനില്ലാകളരിപോലെയാണ്. അല്ലെങ്കിൽ ചെയ്യുന്നതെല്ലാം കുടിവെള്ളം മുട്ടിക്കുന്ന പരിപാടികളാണ്. അർദ്ധ ജൂഡീഷ്യൽ സ്ഥാപനമായ സംസ്ഥാന ഭൂഗർഭജല അതോറിറ്റി നിയമവിരുദ്ധമായി പിരിച്ചു വിട്ടുകൊണ്ടു തുടങ്ങി, ഇപ്പോൾ കുടിവെള്ളം വാണിജ്യവൽക്കരിക്കുന്നതിന് ജലക്ഷാമം നേരിടു ഇസ്രായേലിൽ നിന്നുതന്നെ കമ്പനികളെ കേരളത്തിൽ എത്തിക്കുന്ന അവസ്ഥ വരെയായി. സംസ്ഥാനത്തെ ഭൂഗർഭജലത്തിൽ ശരാശരി ഇരുപത്തിയേഴ് ശതമാനം കുറവുണ്ടായി എന്ന പഠനവിവരം സർക്കാർ അറിഞ്ഞ ലക്ഷണം പോലും കാണിക്കുന്നില്ല.

എൺപതുകളുടെ മദ്ധ്യത്തിൽ കേന്ദ്ര സർക്കാർ ദേശീയ ജലാശയമായി ശാസ്താംകോട്ടയെ അംഗീകരിച്ചിരുന്നു. അന്ന് ശാസ്ത്രസാങ്കേതിക വകുപ്പ് അദ്ധ്യക്ഷനായിരുന്ന ഡോ. ബാലകൃഷ്ണന്റെ ശ്രമഫലമായിട്ടായിരുന്നു അത്. അന്ന് അതിനുവേണ്ട റിപ്പോർട്ട് തയ്യാറാക്കി കൊടുത്തത് ഞാനായിരുന്നു. പിന്നീട് 2002 ൽ റാംസർ അന്താരാഷ്ട്ര ഉടമ്പടിയു

⇨ *പായൽ കായലിലെത്തിയത് ജലശോഷണം പോലെ മറ്റൊരു ദുരന്തമാണ്* ⇨



ടെ പട്ടികയിൽ ഉൾപ്പെടുത്തിയതോടുകൂടി ശാസ്താംകോട്ട തടാകം സംരക്ഷിക്കുക എന്നത് നമ്മുടെ സർക്കാരിന്റെ നിയമപരമായ ബാദ്ധ്യതയായി. എന്നിട്ടും തടാകത്തിന്റെ പരിപാലനത്തിനായി ഒരു പദ്ധതി തയ്യാറാക്കുകയോ പരിപാലനത്തിന്റെ ഉത്തരവാദിത്തം കൈകാര്യം ചെയ്യാനായി ഒരു ഏജൻസി രൂപീകരിക്കുകയോ ചെയ്തില്ല. പരസ്പരം സഹകരിക്കാനാവാത്ത വിവിധ വകുപ്പുകളും കാക്കത്തൊള്ളായിരം കാര്യങ്ങൾ ചെയ്യേണ്ടുന്ന ജില്ലാ കളക്ടറും അന്യോന്യം കുറ്റപ്പെടുത്തി ഉത്തരവാദിത്തങ്ങളിൽ നിന്നൊഴിഞ്ഞു.

തടാകത്തിലേക്ക് ഒഴുകിയെത്തുന്ന നീർച്ചാലുകളോ പുറത്തേയ്ക്കുള്ള ഒഴുക്കോ ഇല്ലാത്തതുകൊണ്ട് കായലിലെ ജീവജാലങ്ങൾക്ക് ജനിതകമായ വ്യതിരക്തതയുണ്ട്. നാലു ചതുരശ്ര കി.മീ. ഓളം വിസ്തീർണ്ണമുണ്ടായിരുന്ന തടാകം ഈ വേനലിൽ മൂന്നിലൊന്നോളം ചുരുങ്ങിയിട്ടുണ്ട്. ഭൂഗർഭ ഉറവകളെയും മഴയെയും ആശ്രയിച്ചുള്ള ജലാശയം മൺസൂണിനുശേഷം പുഷ്ടിപ്പെടുമെങ്കിലും വ്യാപ്തി ചുരുങ്ങുന്ന പ്രതിഭാസം തുടരാൻ തന്നെയാണ് സാദ്ധ്യത. രണ്ടരകോടി ക്യു.മീ വെള്ളം എന്ന അളവ് ഇനി കനത്ത മഴയത്തു മാത്രമെ തടാകത്തിനുണ്ടാവുകയുള്ളൂ.

പടിഞ്ഞാറെ കല്ലടയിൽ നടക്കുന്ന മണലൂറ്റും ചുടുകട്ട നിർമ്മാണവും തടാകത്തിലെ ജലം ഭൂഗർഭചാലുകളിലൂടെ കല്ലട ബേസിനിലേക്കു ചോരുന്നതിനു കാരണമാകും. ചുടുകട്ട നിർമ്മാണത്തിനായി ഇവിടെ ഖനനം ചെയ്യുന്ന ചെളി യഥാർത്ഥത്തിൽ തടാകത്തിന്റെ ഭൗമ ആവരണമാണ്. കായലിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ തുടങ്ങിയ എൺപതുകൾ മുതൽ പറയുന്ന കാര്യമാണ് കായലിനുചുറ്റുമുള്ള കുന്നുകളിലെ കൃഷിരീതിയിൽ വരുത്തേണ്ടു മാറ്റം. ഇവിടെ മണ്ണൊലിപ്പു തടയുകയും ജലം മുഴുവൻ ഗള്ളികളിലൂടെ കുത്തിയൊഴുകി തടാകത്തിലെത്താതെ കുറെയെങ്കിലും ഭൂമിയിലേക്കു താഴാനുള്ള സാഹചര്യം ഒരുക്കേണ്ട കാര്യം ഏവർക്കുമറിയാവുന്നതാണ്. പക്ഷെ സ്വകാര്യ കൃഷിയിടങ്ങളിൽ നമുക്കെന്തു ചെയ്യാൻ കഴിയും എന്നാണ് കൃഷി, മണ്ണ് വകുപ്പുദ്യോഗസ്ഥർ ചോദിക്കുന്നത്. ചെയ്യാൻ പലതും കഴിയും, തയ്യാറെടുത്ത് നടപ്പിലാക്കണമെന്നു മാത്രം. പായൽ കായലിലെത്തിയത് ജലശോഷണം പോലെ മറ്റൊരു ദുരന്തമാണ്. പായൽ നിർമ്മാർജ്ജനത്തിന് ഒന്നാം പരിഗണന കൊടുക്കാൻ മുമ്പു തീരുമാനിച്ചതായിരുന്നു. പക്ഷെ അതു നടക്കേണ്ടതു പോലെ നടന്നില്ല. പായൽ ബാധിച്ച മേഖല വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു.

എവിടെ പോയി ഇരണ്ടകൾ? കുട്ടിക്കാലത്ത് ഒക്ടോബർ-ഡിസംബർ മാസങ്ങളിൽ വിവിധ ജാതി ഇരണ്ടകളെ ഞാൻ ഇവിടെ കണ്ടിരുന്നു. സമീപപ്രദേശങ്ങളിലെ

വയലുകളിലും കുളങ്ങളിലും അവ അപൂർവ്വമായിട്ടെങ്കിലും എത്തുമെങ്കിലും ഇപ്പോൾ അവ കായലിനെ ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കി കഴിഞ്ഞു. ചില കുന്നുകൾ, ഉദാഹരണത്തിന് ശാസ്താക്ഷേത്രത്തിന് പിന്നിലുള്ളത്, വാനമ്പാടി കിളികളുടെ വിഹാരരംഗമായിരുന്നു. ഇന്ന് ഇവയെ കാണാൻ പോലുമില്ല. അന്ന് കൊല്ലത്ത് സബ് കളക്ടറായിരുന്ന പക്ഷിനിരീക്ഷകൻ അലോക്ഷീലുമൊത്ത് പല ദിവസങ്ങൾ ഇവിടെ വാനമ്പാടികൾക്കു പിന്നാലെ നടന്നതോർക്കുന്നുണ്ട്.

വരൾച്ചയിൽ പെട്ടുഴലുമ്പോൾ മാത്രം പരിഹാരമാർഗ്ഗത്തെക്കുറിച്ച് ആലോചിക്കുക എന്നത് നമ്മുടെ രാഷ്ട്രീയ സംസ്കാരത്തിന്റെ ഭാഗമാണ്. ആദിവാസി മേഖലകളിൽ പട്ടിണി മരണങ്ങൾ സംഭവിക്കുമ്പോൾ മാത്രം പരിഹാരമാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നതുപോലെ. കായൽ സംരക്ഷിക്കാൻ മാന്ത്രിക പരിഹാരങ്ങൾ ഒന്നും ഇല്ല. മറിച്ച് നിലവിലുള്ള വേണ്ടത്ര പഠനങ്ങളും മുൻകാല പദ്ധതി രേഖകളും ഉപയോഗപ്പെടുത്തി അടിയന്തര, ദീർഘകാല പരിപാലനപരിപാടികൾ ഉൾപ്പെടുന്ന ഒരു പദ്ധതിരേഖ ജനപങ്കാളിത്തത്തോടുകൂടി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കണം. ഈ രേഖ മലയാളത്തിൽ തന്നെയായിരിക്കണം. എന്തൊക്കെയാണ് ചെയ്യേണ്ടത്, എങ്ങനെ, ആര് ചെയ്യും എന്നുള്ള കാര്യങ്ങളിൽ വ്യക്തതയുണ്ടായിരിക്കണം. അടപ്പാടിയിൽ വിജയകരമായിരുന്ന പങ്കാളിത്ത പരിസ്ഥിതി പുനഃസ്ഥാപനപദ്ധതിയുടെ പ്രസക്തമായ പാഠങ്ങളും ഉൾക്കൊള്ളാവുന്നതാണ്. ജനങ്ങളെ എതിർപക്ഷത്ത് കാഴ്ചക്കാരായി നിർത്തുന്ന രീതി ഉപേക്ഷിച്ച് പൂർണ്ണ പങ്കാളികളാക്കുകയാണുവേണ്ടത്. സാനിറ്റേഷന്റെ പേരിലോ കായലിൽ തുണിയലക്കുന്നതിന്റെ പേരിലോ പ്രദേശവാസികളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. മറിച്ച് അവർക്കതിനുള്ള മറ്റു സംവിധാനങ്ങൾ ഉണ്ടാക്കി കൊടുക്കുകയാണു വേണ്ടത്.

കായൽ സംരക്ഷിക്കാൻ മാന്ത്രികപരിഹാരങ്ങൾ ഒന്നും ഇല്ല. മറിച്ച് നിലവിലുള്ള വേണ്ടത്ര പഠനങ്ങളും മുൻകാല പദ്ധതി രേഖകളും ഉപയോഗപ്പെടുത്തി അടിയന്തര, ദീർഘകാല പരിപാലനപരിപാടികൾ ഉൾപ്പെടുന്ന ഒരു പദ്ധതിരേഖ ജനപങ്കാളിത്തത്തോടു കൂടി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കണം.

പദ്ധതി നിർവഹണത്തിനുവേണ്ടിയുള്ള സ്ഥാപന സംവിധാനം ചിട്ടപ്പെടുത്തുകയെന്നതു നിർണ്ണായകമാണ്. ഗ്രാമപഞ്ചായത്തുകളുടെ മുൻകൈയിലുള്ള ഒരു സംവിധാനമായിരിക്കണം അത്. കായലിനു ചുറ്റുമുള്ള മൂന്നു പഞ്ചായത്തുകൾക്കും മുൻകൈവരുന്നതും വിവിധ വകുപ്പുകളെ ഏകോപിക്കാനുള്ള നിയമപരമായ ശേഷിയുള്ളതുമായിരിക്കണം അത്. ഒപ്പം 2010 ഡിസംബറിൽ പ്രാബല്യത്തിൽ വന്ന കേന്ദ്രസർക്കാരിന്റെ നീർത്തടപരിപാലനചട്ടം പ്രകാരം സംസ്ഥാനതലത്തിൽ നീർത്തട അതോറിറ്റി രൂപീകരിക്കുകയും ചെയ്യേണ്ടതുണ്ട്. റാംസർ നീർത്തടങ്ങളെ പ്രത്യേകിച്ചുദ്ദേശിച്ചുള്ള പ്രസ്തുത ചട്ടം ശാസ്താംകോട്ടയിൽ കൃത്യമായി നടപ്പിലാക്കുകയും അതു നടപ്പിലാക്കാൻ ഇനിയും ഉണ്ടാകേണ്ട അതോറിറ്റിയെ ശാക്തീകരിക്കുകയും ചെയ്യേണ്ടതാണ്. രാഷ്ട്രീയ നേതൃത്വത്തിന്റെ പിന്തുണയുള്ളപ്പോഴും ശാസ്താംകോട്ട പോലെയുള്ള പരാജയങ്ങൾ സംഭവിക്കുന്നത് ഉദ്യോഗസ്ഥ അലംഭാവവും ശേഷിക്കുറവും പ്രതിബദ്ധതയില്ലായ്മയും കൊണ്ടാണ്. ആകയാൽ ഖജനാവിൽ നിന്നും ശമ്പളം കൊടുക്കുന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തി നടപടിയെടുക്കേണ്ടത് രാഷ്ട്രീയ നേതൃത്വത്തിന്റെയും ജനങ്ങളുടെയും കർത്തവ്യമാണ്. ■

## പെരിയാർ ജലസത്യാഗ്രഹം

മരണത്തിനോട് മല്ലിടുന്ന പെരിയാറിനെ എല്ലാത്തരം മലിനീകരണങ്ങളിൽ നിന്നും രക്ഷിക്കുന്നതിനുള്ള പ്രയത്നത്തിന്റെ ഭാഗമായി പെരിയാർ മലിനീകരണ വിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ ജനകീയ ജലസത്യാഗ്രഹം സംഘടിപ്പിച്ചു. 2013 മെയ് നാലിന് ഏലൂർ പാതാളം കടവിലാണ് ജലസത്യാഗ്രഹം നടന്നത്. ഏലൂർ-എടയാർ മേഖലിയിൽ പ്രവർത്തിക്കുന്ന അപകടകാരികളായ വ്യവസായശാലകളെല്ലാം സീറോ ഡിസ്ചാർജ്ജും സീറോ എമിഷനും കൈവരിക്കുക, ജുഡീഷ്യൽ അധികാരത്തോടുകൂടിയ പെരിയാൽ നീർതട അതോറിറ്റി രൂപീകരിക്കുക, വ്യവസായശാലകൾ പെരിയാറിലേക്ക് സ്ഥാപിച്ച മുഴുവൻ ജലനിർഗമനകുഴലുകളും നീക്കം ചെയ്യുക, മത്സ്യക്കുരുതിക്ക് കാരണക്കാരായവരെ കണ്ടെത്തി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരിക, കാലഹരണപ്പെട്ട മലിനീകരണ നിയന്ത്രണ ബോർഡ് പിരിച്ചുവിട്ട് പുനഃസംവിധാനം ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.